
# ജൈവവളമായി നഗരമാലിന്യങ്ങൾ പാക്കറ്റിൽ

**ജയപ്രകാശ് നിലമ്പൂർ**



രാസവിഷങ്ങളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കി ജൈവകരീതികളിലേക്ക് മടങ്ങുന്ന കർഷകരെ കുരുക്കാൻ പാക്കറ്റ് ജൈവവളങ്ങളുമായി കമ്പനികൾ രംഗത്തെത്തിയിരിക്കുന്നു.

നഗരങ്ങളുടെ മാലിന്യക്കൂമ്പാരം കേരളീയ ഗ്രാമങ്ങളിൽ വ്യാപകമായി വിതറുന്ന വിനാശപരിപാടിക്ക് തുടക്കം കുറിച്ചിരിക്കുന്നത് പോബ്സൺ ഗ്രൂപ്പാണ്. വിവാദമായ വിളപ്പിൽശാലയിലെ ഭീമാകാരമായ മാലിന്യസംസ്കരണ പ്ലാന്റിൽ പൊടിച്ചെടുക്കുന്ന നഗരമാലിന്യങ്ങൾ മികച്ച ജൈവവളമെന്ന പേരിൽ സംസ്ഥാനത്തെമ്പാടും വിപണനം നടത്തിവരികയാണ് പോബ്സൺ കമ്പനി. സഹകരണ ബാങ്കുകളിലെ വളം ഡിപ്പോകളിലൂടെയാണ് ഒട്ടേറെ വിഷവസ്തുക്കളും പ്ലാസ്റ്റിക്കും അടങ്ങിയ ഈ വളം വില്പന നടത്തുന്നത്.

ഇതാണ് ജൈവവളം എന്ന അവകാശവാദവുമായി തിരുവനന്തപുരം നഗരത്തിലെ മാലിന്യങ്ങൾ പൊടിച്ചുനൽകി കർഷകരെ പറ്റിക്കുന്ന, പരസ്യപരിപാടികളുമായാണ് കമ്പനിമുന്നേറുന്നത്. ജൈവകൃഷിയുടെ പ്രസക്തിയും ആവശ്യകതയും പത്രമാധ്യമങ്ങളിലൂടെ നിരന്തരം കേൾക്കുന്ന പല കർഷകരും ഇവരുടെ പരസ്യങ്ങളിൽ മയങ്ങി ഈ മാലിന്യപൊടി സ്വന്തം കൃഷിയിടത്തിൽ പ്രയോഗിക്കുന്നു.

നിങ്ങളുടെ മണ്ണിൽ മണ്ണിരയുണ്ടോ? എന്ന ചോദ്യവുമായി പോബ്സ് പുറത്തിറക്കിയിരിക്കുന്ന ലഘുലേഖകൾ രാസവളങ്ങളുടെ ദോഷങ്ങൾ എണ്ണമിട്ടു നിരത്തിയിട്ടുണ്ട്. കർഷകരുടെ രക്ഷാമാർഗമായി ജൈവവളത്തെ അവതരിപ്പിക്കുന്നു. ഈ മാലിന്യപൊടി മണ്ണിൽ മാരകമാലിന്യങ്ങൾ സൃഷ്ടിക്കുമെന്നും ജലവും വായുവും നിത്യേന മലിനമാക്കുമെന്നും മനസ്സിലാക്കി ചിലയിടങ്ങളിലെങ്കിലും കർഷകർ ഇതിനെ പ്രതിരോധിക്കുന്നുണ്ട്. കർഷകരുടെ ബഹിഷ്കരണത്തെ തുടർന്ന് ഉത്പ്പന്നം കെട്ടിക്കിടന്നതോടെ കൃഷി വകുപ്പിനെ സ്വാധീനിച്ച് സംസ്ഥാനത്തെ കൃഷിഭവനങ്ങൾ മുഖേന ഈ മാലിന്യപൊടി വിതരണം ചെയ്യാനുള്ള ഊർജിത ശ്രമങ്ങൾ നടത്തിവരികയാണ്. ഇതേ തുടർന്ന് ഇക്കാര്യത്തി

(ശേഷം 5ാം പേജിൽ)

# നഗരമാലിന്യങ്ങൾ പാക്കറ്റിൽ

(ഒന്നാം പേജ് തുടർച്ച)

ന് വളരെ പെട്ടെന്ന്, യാതൊരു ഗുണമേന്മാ പരിശോധനയും കൂടാതെ പച്ചക്കൊടി കാട്ടിയിരിക്കുകയാണ്. മുമ്പ് രാസവളങ്ങളുടേയും രാസകീടനാശിനികളുടേയും അടിമകളാക്കി കർഷകരെ മാറ്റിയ കൃഷിവകുപ്പ് ഒരിക്കൽ കൂടി കർഷക വിരുദ്ധ പ്രവർത്തനം ആവർത്തിക്കുകയാണെന്ന് ആരോപണമുണ്ട്. കൃഷിശാസ്ത്ര പ്രൊഫസർമാരുടേയും ശാസ്ത്രജ്ഞന്മാരുടേയും റിപ്പോർട്ടുകളും ഗവേഷണ പ്രബന്ധങ്ങളും കാണിച്ച് ഗുണമേന്മ പ്രവർത്തനവുമായി കാലവർഷമെത്തിയതോടെ കർഷകരെ തേടിപിടിക്കാനുള്ള ശ്രമത്തിലാണ് പോബ്സ് ഗ്രീൻ എന്ന ഈ വളത്തിന്റെ പ്രചാരകരും ഏജൻസികളും വളരെ കുറച്ച് അവശ്യമൂലകങ്ങൾ മാത്രം അടങ്ങിയിട്ടുള്ള ഈ മാലിന്യപൊടിയുടെ പരമാവധി കച്ചവടം നടത്താനുള്ള തത്രപ്പാടിലാണ് ഇവരിപ്പോൾ.

ഈ സാഹചര്യത്തിൽ ഗ്രാമീണതലത്തിൽ കർഷകരെ തെറ്റിദ്ധരിപ്പിക്കുന്ന പ്രചാരണങ്ങളും പ്രലോഭനങ്ങളും ചെറുക്കാൻ വ്യാപകമായ ആവശ്യമാണ്.

നിങ്ങളുടെ പഞ്ചായത്തിൽ ഈ മാലിന്യപൊടി ഉപയോഗിക്കുന്നതിൽ നിന്ന് കർഷകരെ പിന്തിരിപ്പിക്കുക.

സഹകരണബാങ്കുകളിൽ ഇത് സ്റ്റോക്ക് ചെയ്തിട്ടുണ്ടെങ്കിൽ ബാങ്ക് ഡയറക്ടർ ബോർഡ് അംഗങ്ങളെ കണ്ട് ഈ കർഷകവിരുദ്ധ കച്ചവടം നിർത്താനായി ആവശ്യപ്പെടുക.

കൃഷി ഓഫീസറേയും കൃഷി അസിസ്റ്റന്റുമാരേയും നിജസ്ഥിതി ബോധ്യപ്പെടുത്തുകയും ഇത് കൃഷിഭവൻ മുഖേന നൽകാനുള്ള ശ്രമം അവസാനിപ്പിക്കുക. ആവശ്യമെങ്കിൽ കർഷകരുടേയും കർഷക സംഘടനകളുടേയും പ്രതിരോധ സമര-പ്രചരണ പരിപാടികൾക്ക് മുൻകൈയെടുക്കുക.